Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

SCAN TO READ ONLINE

10 സെപ്റ്റംബർ 2017

Volume No.3 • Issue No. 9 • Pages 8 • Price: INR 10/- • Published From Pathanamthitta • www.landwaynews.com • Mail: landwaynews@gmail.com • Call: 9447440441



നമ്മുടെ ഒരു പുഞ്ചിരി മറ്റുള്ളവർക്കാശ്വാസം
സന്തോഷ് പന്തളം



നമ്മുടെ സമൂഹത്തിന് എന്ത് പറ്റി?
മെർളിൻ ഷേർളി സന്തോഷ്



സ്വപ്നവും ഒറ്റപ്പെടലും പിന്നെ ഉയർച്ചയും
ജെ. പി. വെണ്ണിക്കുളം



Corn of wheat dies and much seeds results!
James Koshy George

## ദിബ്ബ ഗിൽഗാൽ ദൈവസഭ വാർഷികം

ഡഗ്ളസ് ജോസഫ്
(ലാന്റ്‌വേ ന്യൂസ്
യു.എ.ഇ.റിപ്പോർട്ടർ)

യു.എ.ഇ: ദിബ്ബ ഗിൽഗാൽ ദൈവസഭയിലെ വൈ. പി. ഇ, സൺഡേസ്കൂൾ എന്നിവയുടെ സംയുക്ത വാർഷികം നടത്തി. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ യൂത്ത് ഡയറക്ടർ പാസ്റ്റർ ജി. ഉമ്മൻ മുഖ്യാതിഥിയായിരുന്നു. വിശ്വാസികൾ ശിശുക്കളെപോലെ നിഷ്ക്കളങ്കമായ ജീവിതം നയിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് അദ്ദേഹം പറഞ്ഞു. സഭാ പാസ്റ്റർ ജോൺസൺ മത്തായി അദ്ധ്യക്ഷനായിരുന്നു. സമ്മേളനത്തിന് വൈ.പി.ഇ അംഗങ്ങൾ, സൺഡേ സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ അവതരിപ്പിച്ച സ്കിറ്റ്, സംഘഗാനം തുടങ്ങിയ പരിപാടികൾ മിഴിവേകി. ബേബി ജേക്കബ്, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ജോൺ,



വൈ.പി.ഇ സെക്രട്ടറി ഫിലിപ്പ് എബ്രഹാം എന്നിവർ നേതൃത്വം നൽകി. താലന്ത് മൽസരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഫുജൈറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെല്ലോഷിപ്പ് (യു.പി.എഫ്) ഈസ്റ്റേൺ റീജിയൻ അംഗമാണ് ദിബ്ബ ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ്.

## വൈ.പി.ഇ. മലബാർ ക്യാമ്പ് സുൽത്താൻ ബത്തേരിയിൽ

വയനാട് : ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് വൈ.പി.ഇ മലബാർ മേഖലാ ക്യാമ്പ് സെപ്റ്റംബർ 29, 30 തിയതികളിൽ സുൽത്താൻ ബത്തേരിയിൽ പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. മലബാർ, നോർത്ത് മലബർ മേഖലകൾ സംയുക്തമായി നടത്തുന്ന ക്യാമ്പ് 29 -ാം തിയതി രാവിലെ പത്ത് മണിക്ക് സംസ്ഥാന സെക്രട്ടറി ബ്രദർ മാത്യു ബേബിയുടെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എറ്റി ജോസഫ് ഉത്ഘടനം ചെയ്യും സ്റ്റേറ്റ് ഓവർസിയർ റവ. സി.സി.തോമസ് മുഖ്യ സന്ദേശം നൽകും, 'സ്ഥിരതയോടെ ഓടുക' എന്നതാണ് ക്യാമ്പ് തീം. പ്രിമാരിറ്റൽ കൗൺസിലിംങ്, കരിയർ ഗൈഡൻസ്, സൈബർ സുരക്ഷ ക്ലാസ്സ് , മിഷൻ ചലഞ്ച്, ദുരുപദേശ ബോധവൽക്കരണ ക്ലാസ്സുകൾ, ഗെയിംസ്, ഗാന പരിശീലനം എന്നിവയാണ് ക്യാമ്പിന്റെ പ്രത്യേകതകൾ. ബ്രദർ. സുജിൻ ബാംഗ്ളൂർ, ഫാദർ. ജോൺസൺ തേക്കടയിൽ, ക്ലാസ്സുകൾ എടുക്കും. വിവിധ സെക്ഷനുകളിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ. എ.പി.അഭിലാഷ് ദൈവസഭാ ഡിപ്പാർട്ട്മെന്റ് ഹെഡ്സ് എന്നിവർ സന്ദേശം നൽകും. കുട്ടികൾക്ക് വേണ്ടി പ്രത്യേക സെക്ഷൻ ഉണ്ടായിരിക്കും. വൈ.പി.ഇ. ക്വയർ അത്മിയ ആരധനക്ക് നേതൃത്വം നല്കും, മേഖലയിലെ 10, +2 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിക്കും. വിവിധ സ്ഥലങ്ങളിൽ നിന്നായി അനേക യുവജനങ്ങൾ പങ്കെടുക്കുന്ന ക്യാമ്പിന് സോണൽ കോർഡിനേറ്റേഴ്സും, സ്റ്റേറ്റ് ബോർഡ് അംഗങ്ങളും നേതൃത്വം നൽകും. കുടുതൽ വിവരങ്ങൾക്ക്: 9947888688, 8281867024.

## സഹോദരിമാരുടെ കൂട്ടായ്മ

എല്ലാ മാസത്തെയും ഒന്നാമത്തെ തിങ്കളാഴ്ച മുളന്തുരുത്തി സെന്റ് തോമസ് ചാരിറ്റബിൾ ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ വെച്ച് സഭാവിഭാഗ വ്യത്യാസമെന്യേയുള്ള സഹോദരിമരുടെ കൂട്ടായ്മ നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഷീലാ ദാസ്. ഫോൺ: 9895235535.

### അറിയിപ്പ്

ഇതുവരെയും ലാൻഡ്‌വേയുടെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി. തുടർന്നും വരിസംഖ്യ അടച്ച് ഈ പ്രവർത്തനം സുഗമമായി മുമ്പോട്ട് പോകുവാനുള്ള സഹായ സഹകരണങ്ങൾ അപേക്ഷിക്കുന്നു.

*ചീഫ് എഡിറ്റർ*

## ഡോക്ടറേറ്റ് നേടി



തിരുവനന്തപുരം: നെയ്യാറ്റിൻകര കൊടങ്ങാവിള ഡിഗ്രേഷ്യയിൽ വൈ.വി. സുജാ ബേബി തമിഴ്നാട് വിനായക മിഷൻസ് സർവ്വകലാശാലയിൽ നിന്നു കമ്മ്യുണിറ്റി ഹെൽത്ത് സയൻസിൽ ഡോക്ടറേറ്റ് നേടി. കാരക്കോണം സി. എസ്. ഐ നഴ്സിങ് കോളെജ് പ്രിൻസിപ്പലായ സുജാ ബേബി പരേതനായ പി. യേശുദാസ്, വിജയ ബേബി ദമ്പതികളുടെ മകളും അസംബ്ളീസ് ഓഫ് ഗോഡ് നെയ്യാറ്റിൻകര സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ഡി. സുനിൽ ദാസിന്റെ ഭാര്യയുമാണ്. മക്കൾ: സിബിൽ ശാരോൻ, സ്റ്റീവ് ആരോൻ.

## ലാൻഡ്‌വേ ന്യൂസ് അവാർഡ് ദാനം 25 ന്

പത്തനംതിട്ട: ലാൻഡ്‌വേ ന്യൂസിന്റെ 2017 സാഹിത്യ അവാർഡ് വിജയികൾക്ക് പ്രശസ്തിപത്രവും കാഷ് പ്രൈസും നൽകുന്നു. 2017 സെപ്റ്റംബർ 25-ാം തീയതി രാവിലെ 10 മണിക്ക് ചേരുന്ന യോഗത്തിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യുന്നു. പത്തനംതിട്ടയ്ക്ക് അടുത്തുള്ള മൈലപ്ര മൗണ്ട് ബെഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപമുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വെച്ചാണ് സമ്മേളനം നടക്കുന്നത്. ലാൻഡ്‌വേയുടെ പ്രതിനിധികൾ, എഴുത്തുകാർ, ദൈവദാസീദാസന്മാർ, വിശ്വാസികൾ തുടങ്ങി അനേകംപേർ പങ്കെടുക്കുന്നു. ഈ പൊതുയോഗത്തിൽ ലാൻഡ്‌വേയുടെ വരിസംഖ്യ എടുക്കുവാനും പുതുക്കുവാനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും പ്രസ്തുത യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

## പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡാ) അമേരിക്കൻ മലയാളി പെന്തെക്കോസ്തു കോൺഫറൻസ് നാഷണൽ കൺവീനർ

കൊളംബസ്: 37 -ാമത് നോർത്തമേരിക്കൻ മലയാളി പെന്തെക്കോസ്തു കോൺഫറൻസ് ഫ്ളോറിഡയിലെ മിയാമിൽ വെച്ച് നടക്കും. പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ) നാഷണൽ കൺവീനറായി കൊളംബസിൽ നടന്ന 35 -ാമത് പിസിനാക്ക് ജനറൽ ബോഡിയിൽവച്ച് തെരഞ്ഞെടുക്കപ്പെട്ടു. 2019 ജൂലൈ 4 മുതൽ 7 വരെ നടക്കുന്ന കോൺഫറൻസ് വൻ വിജയമാക്കുവാൻ നാഷണൽ കൺവീനറിന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ആരംഭിച്ചു. മിയാമി പട്ടണം അവധിക്കാലം ചെലവഴിക്കുവാൻ ഏറെ പ്രശസ്തിയാർജ്ജിച്ച പട്ടണമാണ്. നാഷണൽ കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. സി. ജോൺ സൗത്ത് ഫ്ളോറിഡാ ഐപിസി ചർച്ചിന്റെ സീനിയർ ശുശ്രൂഷകന്മാരിലൊരാളാണ്. ദീർഘ 48 വർഷങ്ങളായി ഐപിസി സഭാപാസ്റ്ററായി ശുശ്രൂഷചെയ്യുന്ന അദ്ദേഹം അമേരിക്കൻ പെന്തെക്കോസ്തു മലയാളികളുടെയിടയിൽ സുപരിചിതനാണ്. പ്രസംഗകൻ, സംഘാടകൻ, ജീവകാരുണ്യപ്രവർത്തകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന അദ്ദേഹം കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ ഐപിസി പ്രവർത്തനങ്ങളെ തന്നാൽ കഴിയുംവിധം സാമ്പത്തികമായി സഹായിച്ചുവരുന്നു. സുവിശേഷ പ്രവർത്തനങ്ങൾക്കായി കന്യാകുമാരിയിലേക്ക് പോയ കങ്ങഴ കാതേട്ട് ചെറിയാൻ ഉപദേശി മറിയാമ്മ ദമ്പതികളുടെ മകനായി 1948 -ൽ കെ. സി. ജോൺ ജനിച്ചു. മാർത്താണ്ഡം ക്രിസ്ത്യൻ കോളേജിലെ പഠനാനന്തരം കുമ്പനാട് ഹെബ്രോനിലെ



**പാസ്റ്റർ കെ. സി. ജോൺ**

ബൈബിൾ കോളേജിൽ ദൈവവചനപഠനം നടത്തി. 1975ൽ മദ്രാസ് പട്ടാഭിരാം സഭയിൽ ശുശ്രൂഷിച്ചു. മദ്രാസ് ഐപിസി സഭകളുടെ ആദ്യ കോർഡിനേറ്ററായി പ്രവർത്തിച്ചു. പാസ്റ്റർ കെ. ഇ. എബ്രഹാം സാറിനോടൊപ്പം സഹായിയായി ദീർഘ വർഷങ്ങൾ പ്രവർത്തിച്ച അദ്ദേഹം വിവിധ സഭകളുടെ പ്രശ്നപരിഹാരത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. 1982ൽ ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു. 1983 ൽ സഭാപാസ്റ്ററായി അമേരിക്കയിലെത്തി. ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് റീജിയൺ മുൻ പ്രസിഡന്റും ഇപ്പോൾ ഐപിസി ജനറൽ കൗൺസിൽ അംഗവുമാണ്. ഭാര്യ: സാറാമ്മ ജോൺ മക്കൾ: ഗ്രെയ്സ്, ആനി, ലിസാ.

36 -ാമത് പിസിനാക് ബോസ്റ്റണിൽ 2018 ജൂലൈ 5 മുതൽ 8 വരെ നടക്കും. 2018 ലെ ഭാരവാഹികളായി പാസ്റ്റർ ബഥേൽ ഇടിക്കുള (നാഷണൽ കൺവീനർ), വെസ്ലി പി. മാത്യു (നാഷണൽ സെക്രട്ടറി), ബേബിക്കുട്ടി ജോർജ്ജ് (നാഷണൽ ട്രഷറർ), ഷോണി തോമസ് (യൂത്ത് കോർഡിനേറ്റർ), നിബു വെള്ളവന്താനം (മീഡിയ കൺവീനർ) എന്നിവർ ചുമതലയേറ്റു.

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
Canada: Dollars 75
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

> താങ്കൾ മുഖേന ഒത്തിരി കാര്യങ്ങൾ സമൂഹത്തിന് ഇനിയും ചെയ്യുവാൻ കഴിയും. ഭാവികാലമോർത്ത് പുഞ്ചിരിക്കുക. വിഷയങ്ങളെ ഗൗരവമായി ചിന്തിച്ച് സ്നേഹത്തോടെ പ്രതികരിക്കുക.

# നമ്മുടെ ഒരു പുഞ്ചിരി മറ്റുള്ളവർക്കാശ്വാസം

കഴിഞ്ഞ ചില ദിവസങ്ങൾ കൊണ്ട് പലയിടങ്ങളിലായി ധാരാളം യാത്രകൾ ഞാൻ ചെയ്യേണ്ടിവന്നു. അതിനോടുള്ള ബന്ധത്തിൽ എനിക്ക് കാണാൻ കഴിഞ്ഞതും അനുഭവിക്കാൻ കഴിഞ്ഞതുമായ ചില യാഥാർത്ഥ്യം പൊതുജനഅറിവിലേക്ക് കുറിക്കുകയാണ്. നാം അറിയുന്ന നല്ല അറിവിനെ അതിന്റെ തനിമ നഷ്ടപ്പെടാതെ മറ്റുള്ളവർക്ക് ഉപകാരപ്രദമായ നിലയിൽ പകർന്ന് നൽകുന്നുവെങ്കിൽ അതാണ് നമുക്ക് സമൂഹത്തോട് കാണിക്കാൻ കഴിയുന്ന ഏറ്റവും വലിയ സന്ദേശം എന്നതാണ് എന്റെ അഭിപ്രായം.

എങ്ങനെ സമൂഹത്തോട് ഇടപെടുന്നു എന്നതിനെ ആസ്പദമാക്കിയായിരിക്കും മറുഭാഗത്ത് നിന്നും നമുക്ക് ലഭിക്കുന്ന പ്രതികരണം എന്ന് നാം ആദ്യം ഓർക്കുക. ബഹുമാനം കൊടുത്ത് ബഹുമാനം വാങ്ങിക്കുക. നമ്മുടെ ഒരു പുഞ്ചിരിക്ക് മറ്റുള്ളവരുടെ വേദനമാറ്റുവാൻ കഴിയും. അത് പുഞ്ചിരിയായിരിക്കണം എന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. അല്ലാതെ പൊട്ടിച്ചിരി ആകാൻ പാടില്ല. ഈ നാളുകളിൽ നാം കൊടുക്കുന്ന മാന്യതയ്ക്ക് യാതൊരുവിധ പ്രതിഫലനവും ഒട്ടുമിക്ക സ്ഥലങ്ങളിൽ നിന്നും ലഭിക്കാറില്ല. കാരണം ഗൗരവമായി ചിന്തിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് അവർ വളർന്ന ചുറ്റുപാടുകൾ അവരെ അങ്ങനെയാക്കി എന്നതാണ് ഉത്തരം. കുടുംബത്തിനകത്ത് തുടങ്ങുന്ന കുട്ടികളുടെ വിദ്യാഭ്യാസം സമൂഹ ത്തിലേക്ക് എത്തുമ്പോൾ വളരെ വൈകും. കുട്ടികളുടെ വളർച്ചയുടെ ആരംഭം കുടുംബത്തിലെ മാതാപിതാക്ക ളിലും കുടുംബാംഗങ്ങളിലുമാണ് എന്നത് തള്ളിക്കളയാൻ പറ്റാത്ത യാഥാർത്ഥ്യം തന്നെ.

ഈ കുട്ടികൾ വിദ്യാലയങ്ങളിൽ വരുമ്പോൾ വിവിധ തലങ്ങളിലും സാഹചര്യങ്ങളിലും വളർന്ന മറ്റ് കുട്ടികളുമായി ഇടപെട്ട് അവരുടെ സ്വഭാവഗുണദോഷങ്ങൾ പഠിക്കുകയും പിന്നത്തേതിൽ അത് സമൂഹത്തിന് നന്മയാക്കാൻ അവർ ശ്രമിക്കുമെങ്കിലും പലപ്പോഴും വഴിതെറ്റിപോകുന്നതായി കാണാറുണ്ട്. അവരെ നാം സ്നേഹത്തിന്റെ പുഞ്ചിരിയോടെ അടുക്കൽ വിളിച്ചു വരുത്തി ജീവിത ഗൗരവ പരാജയവിജയങ്ങളെക്കുറിച്ച് പറയാൻ ശ്രമിക്കണം.

ചിലപ്പോൾ അവർ അനുസരിക്കാൻ മടികാണിക്കുമെങ്കിലും അവരുടെ മനസറിഞ്ഞ് അവർക്ക് ഇഷ്ടമുള്ള വിഷയത്തിലേക്ക് നമ്മുടെ സംസാരത്തെ തിരിച്ച് വിട്ട് അവർക്ക് നമ്മോടുള്ള അടുപ്പം വർദ്ധിക്കുന്നുവെന്ന് പൂർണ്ണമായി നാം മനസ്സിലാക്കുമ്പോൾ ഗൗരവമായ നമ്മുടെ വിഷയത്തിലേക്ക് കടക്കാം. ഈയിടക്ക് ഞാൻ 18 മുതൽ 24 വയസ്സുവരെയുള്ള 2000 ൽ പരം കുട്ടികളെ കാണാൻ ഇടയായി. അവരോട് ഓരോരുത്തരോടും മനസ് തുറന്ന് ഞാൻ ഇടപെട്ടു. അവരുടെ വിഷയം ഞാൻ കേൾക്കാൻ ശ്രമിച്ചപ്പോൾ അവരിൽ 90% പേരും കരയുവാൻ തുടങ്ങി. എന്റെ ചെറിയ അറിവിൽ എനിക്ക് ദൈവം നൽകിയിരിക്കുന്ന ദൈവകൃപയുടെ ആഴം അവർക്ക് സ്നേഹത്തിൽ കൂടിയും, പ്രവർത്തിയിൽ കൂടിയും, പ്രാർത്ഥനയിൽകൂടിയും ഞാൻ പകർന്നു കൊടുത്തു.

ദൈവം നമുക്ക് നൽകിയിരിക്കുന്ന സാമാന്യബുദ്ധിയും, സാമാന്യ മര്യാദയും നാം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുമ്പോൾ നാം ലോകത്തിൽ വെളിച്ചം കത്തിക്കുകയാണ്. ഈ വെളിച്ചം വ്യക്തിപരമായും കുടുംബ പരമായും സമൂഹത്തിലും പ്രകാശമുള്ളതാകും. ദൈവവചനം പറയുന്നത് ''അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല''. ദൈവത്തിന്റെ മുഖത്തേക്ക് നോക്കി നമമുടെ കണ്ണു ഉയർത്തുവാൻ കഴിയുമെങ്കിൽ നാം തളരുകയില്ല.

ഓർക്കുക! താങ്കൾ മുഖേന ഒത്തിരിക്കാര്യങ്ങൾ സമൂഹത്തിന് ഇനിയും ചെയ്യുവാൻ കഴിയും. ഭാവികാലമോർത്ത് പുഞ്ചിരിക്കുക. വിഷയങ്ങളെ ഗൗരവമായി ചിന്തിച്ച് സ്നേഹത്തോടെ പ്രതികരിക്കുക. നഷ്ടപ്പെട്ടതിനെ ഓർത്ത് ചിന്തിക്കാതെ നേടാനുള്ളതിനെ ഓർത്ത് പുഞ്ചിരിക്കുക. തളർന്നുവെന്നും തകർന്നുവെന്നും ചിന്തിക്കാതെ മുമ്പിൽ പുതുവഴിയുണ്ട് എന്ന് പോസിറ്റീവായി ചിന്തിക്കുക. എങ്കിൽ നിങ്ങൾ ഒരു ജയാളിയാണ്.

YOUTH cornor

> ബൈബിളിൽ അബ്രഹാമിനോട് ദൈവം പറഞ്ഞത് അവൻ അനുസരിച്ചു. അത് പോലെ നമുക്കും ദൈവത്തെ അബ്രഹാമിനെപ്പോലെ അനുസരിക്കാനായി പ്രാർത്ഥിക്കാം.

# നമ്മുടെ സമൂഹത്തിന് എന്ത് പറ്റി?



**മെർളിൻ ഷേർളി സന്തോഷ്**

മാതാപിതാക്കളും മക്കളും അടങ്ങുന്ന ഒരു ചെറിയ ഇടമാണ് വീട്. പക്ഷേ സമൂഹമെന്നത് ചുറ്റുപാടു കളും ബന്ധുജനങ്ങളും ചെറിയവരും വലിയവരും ഉന്നതരും പാവപ്പെട്ടവരും ഇടകലർന്നതാണ്. ''ഇന്നത്തെ സമൂഹത്തിന് എന്തു പറ്റി'' എന്ന തലക്കെട്ട് എന്തുകൊണ്ടും വിലപ്പെട്ടത് തന്നെയാണ്. പഴയ നിയമകാലഘട്ടത്തിൽ നമ്മുടെ ആദിമമാതപിതാക്കളായ ആദാമും ഹൗവ്വായും വിലയേറിയവരായിരുന്നു. ദൈവം ഉണ്ടാക്കിയ മനോഹരമായ ഏദൻതോട്ടത്തിൽ പാർക്കുവാനും ഉപജീവനം കഴിക്കുവാനും ദൈവം അനുവാദം നൽകി. പക്ഷേ ആ തോട്ടത്തിലെ ഒരു മരത്തിൽ നിന്നുമുള്ള ഫലം പറിക്കാനോ കഴിക്കാനോ പാടില്ലായെന്ന് ദൈവം കൽപിച്ചിട്ടുണ്ടായിരുന്നു. ആദാമും ഹൗവ്വായും ദൈവത്തെ അനുസരിക്കാതെ പാമ്പിൽ രൂപത്തിൽ വന്ന പിശാചിനെ അവർ അനുസരിച്ചതായി ചരിത്രം പഠിപ്പിക്കുന്നു. ആ പാമ്പ് ഒരു സമൂഹത്തെയാണ് നശിപ്പിച്ചത്. ദൈവത്തിന്റെ വാക്ക് കേൾക്കാത്ത ആദാമിനെയും ഹൗവ്വയെയും ദൈവം തോട്ടത്തിൽ നിന്നും പുറത്താക്കി.

ഇവിടെ നമ്മുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ദൈവം പുറത്താക്കിയത് രണ്ട് വ്യക്തികളെയല്ല വരും തലമുറകളെന്ന സമൂഹത്തെയാണ്. ആ തലമുറകൾ പലരും ഈ സമൂഹത്തിൽ അനുസരണമില്ലാത്തവരും മാതാപിതാക്കളെ ബഹുമാനിക്കാത്തവരും ദോഷപ്രവർത്തികൾക്ക് കൂട്ടുനിൽക്കുന്നവരും ആയിക്കൊണ്ടിരിക്കുന്നു. അതിൽ ഒരു ചെറിയ കൂട്ടും തലമുറകൾ ദൈവത്തെ അവിടവിടങ്ങളിൽ താമസിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുകയും സമൂഹത്തിന് നന്മചെയ്യുന്നതും ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട് അങ്ങനെയുള്ളവരെ ഞാൻ അഭിനന്ദിക്കുന്നു.

പുതിയ തലമുറകളിൽ മിക്കവരും മാതാപിതാക്കളെ ബഹുമാനമില്ലാത്ത, ഭയമില്ലാത്ത മക്കളായി തീർന്നുകൊണ്ടിരിക്കുകയാണ് എന്ന് പറയാതെ തന്നെ നമുക്കറിയാമല്ലോ. എന്നെയും വളർത്തി പഠിപ്പിച്ചുകൊണ്ടിരിക്കുന്നവരാണ് എന്റെ മാതാപിതാക്കൾ. കഴിക്കാനും, ഉടുക്കുവാനും, കിടക്കുവാനും അവരാൽ കഴിവിന്റെ പരമാവധി ഇപ്പോഴും എനിക്ക് ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ ഇതൊന്നും ഇല്ലാത്ത അനേകർ സമൂഹത്തിലുണ്ട്. അവർക്ക് നാം സഹായത്തിന്റെ കരം നീട്ടണം. നശിച്ചുപോകുന്ന സമൂഹത്തിന് നാം മാതൃകയാകാം. ബൈബിളിൽ അബ്രഹാമിനോട് ദൈവം പറഞ്ഞത് അവൻ അനുസരിച്ചു. അത് പോലെ നമുക്കും ദൈവത്തെ അബ്രഹാമിനെപ്പോലെ അനുസരിക്കാനായി പ്രാർത്ഥിക്കാം.

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE
Visual media
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...



ജെ. പി. വെണ്ണിക്കുളം

# സ്വപ്നവും ഒറ്റപ്പെടലും പിന്നെ ഉയർച്ചയും

യാക്കോബിന് തന്റെ മക്കളിൽ ഏറ്റവും പ്രിയം യോസേഫിനോടായിരുന്നു. ഇത് മറ്റു മക്കൾക്ക് സഹിക്കാൻ പറ്റില്ലായിരുന്നു. എന്തിനേറെ സമാധ ാനമായി സംസാരിക്കാൻ പോലും അവർക്കു കഴിഞ്ഞില്ല. ഇതിനിടയിലാണ് യോസേഫ് ഒരു സ്വപ്നം കാണുന്നത്. അത് സഹോദരന്മാർക്ക് അവനോടുള്ള പക വർദ്ധിക്കുന്നതിന് കാരണമായി. കറ്റയെ സംബന്ധിച്ചുള്ള യോസേഫിന്റെ സ്വപ്നം കേട്ടിട്ട് സഹോദരന്മാർ ചോദിച്ചു. നീ ഞങ്ങൾക്ക് രാജാവാകുമോ? നീ ഞങ്ങളെ വാഴുമോ? (ഉൽപ്പത്തി 37:8).

യോസേഫ് വീണ്ടും സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവനെ നമസ്കരിക്കുന്നു ഇക്കാര്യം അപ്പനോടും സഹോദരന്മാരോടും പറഞ്ഞപ്പോൾ അപ്പൻ അവനെശാസിച്ചു. ഞങ്ങൾ നിന്നെ നമസ്കരിക്കാൻ വരുമോ? ഇതു കേട്ട സഹോദരന്മാർക്ക് അവനോടു അസൂയ തോന്നിയെങ്കിലും അപ്പൻ ഈ വാക്കുകൾ മനസ്സിൽ സംഗ്രഹിച്ചു. (വാക്യം 11). അവൻ അവനെ നശിപ്പിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ തുടങ്ങി. അങ്ങനെയിരിക്കെയാണ് ആടുകളെ മേയ്ക്കാൻ പോയ സഹോദരന്മാരുടെ ക്ഷേമവിവരം അന്വേഷിക്കാൻ അപ്പൻ യോസേഫിനെ അയച്ചത്. യോസേഫിനെ കണ്ട സഹോദരന്മാർ അവൻ അടുക്കൽ എത്തും മുമ്പേ അവനു വിരോധമായി ദുരാലോചന ചെയ്തു. അവനെ 'സ്വപ്നക്കാരൻ' എന്ന് വിളിച്ചു കൊന്നു. കുഴിയിൽ ഇട്ടുകളയുവാൻ പദ്ധതിയിട്ടു.

എന്നാൽ രൂബേന്റെ സമയോചിതമായ ഇടപെടൽ അവനെ കൊല്ലുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചു. അവനെ അവർ പൊട്ടക്കിണറ്റിൽ ഇട്ടു. യഹൂദയുടെ ഇടപെടൽ ആണ് അവനെ കൊല്ലാതെ യിശ്മായേല്യകച്ചവടക്കാർക്ക് വിൽക്കാൻ പ്രേരിപ്പിച്ചത്. യോസേഫിനെ ദുഷ്ടമൃഗം തിന്നുകളഞ്ഞു എന്ന് അപ്പനെ വിശ്വസിപ്പിക്കാൻ അവർ ഒരു കോലാട്ടുകൊറ്റനെ കൊന്നു യോസേഫിന്റെ അങ്കിരക്തത്തിൽ മുക്കി. അപ്പൻ ഏറിയ നാൾ മകനെച്ചൊല്ലി ദുഃഖിച്ചു. എന്നാൽ മിദ്യാന്യർ അവനെ ഫറവോന്റെ ഒരു ഉദ്യാഗസ്ഥനായി അകമ്പടിനായകനായ പോത്തീഫറിന് വിറ്റു. യഹോവ യോസേഫിനോട് കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി (39:2). ദൈവകൃപയുള്ളവനെ പോത്തീഫർ തിരിച്ചറിഞ്ഞു. എന്നാൽ അരുതാത്ത ചിന്തകളുമായി നടന്ന അവന്റെ ഭാര്യ യോസേഫിനെ പാപം ചെയ്യാൻ നിർബന്ധിച്ചു. പ്രലോഭനങ്ങളിൽ വീഴാതെ യോസേഫ് തന്നെത്തന്നെ സൂക്ഷിച്ചു. ഭാര്യ പറഞ്ഞ കള്ളത്തരങ്ങൾ വിശ്വസിച്ച പോത്തീഫർ യോസേഫിനെ കാരാഗൃഹത്തിൽ ആക്കി.

**യോസേഫ് കണ്ട സ്വപ്നമാണ് എല്ലാ പ്രശ്നങ്ങളുടെയും തുടക്കം. ഇടക്കാലത്തു ജീവിതത്തിൽ സംഭ വിച്ചതൊന്നും അത്ര സുഖകരമായ കാര്യങ്ങൾ അല്ലായിരുന്നെങ്കിലും ഏറ്റുവാങ്ങിയ ഓരോ നിന്ദയ്ക്കും കണ്ണുനീരിനും പ്രാർത്ഥനയ്ക്കും ദൈവം മറുപടി നൽകി.**



ദൈവം യോസേഫിനോട് കൂടെ ഉണ്ടായിരുന്നു. അവിടെയും അവൻ വിചാരകനായി. മിസ്രയീം രാജാവിന്റെ പാനപാത്ര വാഹകനും അപ്പക്കാരുടെ പ്രമാണിയും കുറ്റവാളികളായി യോസേഫ് കിടന്ന അതെ തടവറയിൽ വന്നു. ഇരുവരുടെയും സ്വപ്നം വ്യാഖ്യാനിച്ചു യോസേഫ് അവിടെയും തന്റെ ദൈവത്തിലുള്ള ആശ്രയം വെളിപ്പെടുത്തി. പിന്നീട് ഫറവോൻ കണ്ട സ്വപ്നവും യോസേഫ് വ്യാഖ്യാനിച്ചു. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചതിലൂടെ യോസേഫിന്റെ ചരിത്രം മാറുകയായിരുന്നു. 'നീ എന്റെ ഗൃഹത്തിന് മേലാധികാരിയായിരിക്കും. നിന്റെ വാക്കു എന്റെ ജനം എല്ലാം അനുസരിച്ചു നടക്കും. സിംഹാസനം കൊണ്ട് മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും' ഫറവോൻ പറഞ്ഞു (41:40).

ഭൂതലത്തിൽ ഒക്കെയും ക്ഷാമം ഉണ്ടായപ്പോൾ യോസേഫിന്റെ ബുദ്ധിപരമായ നീക്കത്തിന്റെ ഫലം മിസ്രയേമ്യർ അനുഭവിച്ചു. സകല ദേശക്കാരും ധാന്യം വാങ്ങുവാൻ മിസ്രയീമിൽ വന്നു. അക്കൂട്ടത്തിൽ യാക്കോബിന്റെ പുത്രന്മാരും വന്നു. വർഷങ്ങൾക്കു മുമ്പ് യോസേഫ് കണ്ട സ്വപ്നം അതോടെ നിറവേറി സഹോദരന്മാർ അവനെ സാഷ്ടാംഗം നമസ്കരിച്ചു (42:6).

യോസേഫ് കണ്ട സ്വപ്നമാണ് എല്ലാ പ്രശ്നങ്ങളുടെയും തുടക്കം. ഇടക്കാലത്തു ജീവിതത്തിൽ സംഭവിച്ചതൊന്നും അത്ര സുഖകരമായ കാര്യങ്ങൾ അല്ലായിരുന്നെങ്കിലും ഏറ്റുവാങ്ങിയ ഓരോ നിന്ദയ്ക്കും കണ്ണുനീരിനും പ്രാർത്ഥനയ്ക്കും ദൈവം മറുപടി നൽകി. മിസ്രയീമിൽ ഉന്നതനായപ്പോൾ വേണമെങ്കിൽ എല്ലാറ്റിനും പകരം വീട്ടാമായിരുന്നു. എന്നിട്ടും അതു ചെയ്തില്ല. അൽപകാലത്തെക്കുള്ള നിന്ദകളെ ഉരുട്ടി ക്കളയുന്ന ഒരു ദൈവം ഉയരത്തിലുണ്ട്. അവൻ നിന്നെയും മാനിക്കും.

അതെ ആ സ്വപ്നമെല്ലാം യാഥാർത്ഥ്യമായി. അപ്പോഴും യോസേഫ് പറയും......

ഉൽപത്തി 50:20 നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു. ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കിത്തീർത്തു.

സ്ത്രീകളുടെ പംക്തി

# നിർവ്യാജവിശ്വാസമുള്ള അമ്മ



ഷീലാ ദാസ്

അപ്പോസ്തലനായ പൗലോസ്, വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയോസിനെക്കുറിച്ച് എഴുതുമ്പോൾ അവന്റെ അമ്മയെയും വലിയമ്മയെയും കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു (2 തിമോ 1:5). മാതാക്കളിൽ നിന്നും മകനിലേക്ക് പകരപ്പെട്ട വിശ്വാസം പൗലോസ്, തിമൊഥെയോസിൽ കണ്ടു അനുഭവിച്ചതുകൊണ്ടാണ് ആ വിശ്വാസം അവനിൽ വളർത്തിയ മാതാവിനെക്കുറിച്ച് പ്രശംസിച്ചത്. നമ്മുടെ തലമുറകളെ കാണുമ്പോൾ മറ്റുള്ളവർക്കായ് നമ്മുടെ വിശ്വാസത്തെ അഭിനന്ദിക്കുവാൻ തോന്നുന്നെങ്കിൽ അതിനേക്കാൾ വലിയതായി ഒന്നും ലോകത്തിൽ നേടുവാനില്ല.

തിമൊഥെയോസിന്റെ സ്ഥലം ലുസ്ത്രയായിരുന്നു. പൗലോസിന്റെ ഒന്നാം മിഷനറിയാത്രയിൽ ലുസ്ത്രയിൽ വച്ച് ഒടു മുടന്തനെ സൗഖ്യമാക്കിയപ്പോൾ അനേകർ വിശ്വാസത്തിൽ വരുവാൻ കാരണമായി. അവിടെ പലരെയും ശിഷ്യരാക്കി. ആ കൂട്ടത്തിൽ ശിഷ്യനായ ഒരുവൻ ആയിരുന്നു തിമൊഥെയോസ്. തിമൊഥെയോസിന്റെ അമ്മ ഒരു യഹൂദസ്ത്രീയും അപ്പൻ യവനനുമാണ്. അമ്മയുടെയും വലിയമ്മയുടെയും സംരക്ഷണയിൽ വളർന്നു വന്ന ഈ ചെറുപ്പക്കാരന് ചെറുപ്പം മുതൽ വിശ്വാസത്തിൽ വളർന്നു വന്നു. മാതാക്കൾ വിശ്വാസമുള്ളവർ ആകുന്നെങ്കിൽ അത് തലമുറയെ സ്വാധീനിക്കാതിരിക്കില്ല. പ്രമാണമുള്ള ഒരു യഹൂദസ്ത്രീ യവനനായ ഒരു മനുഷ്യനോടൊപ്പം ജീവിക്കേണ്ടിവന്നെങ്കിലും ജാതീയമായ ആചാരങ്ങളിലേക്ക് തലമുറയെ വിട്ടുകൊടുക്കാതെ ദൈവികപ്രമാണത്തിൽ തലമുറയെ വളർത്തുവാൻ ഇടയായി.

പിതാവിന്റെ സ്വാധീനം അവനിൽ കടന്നുചെല്ലാതവണ്ണം ദൈവികപ്രമാണം ഒരു തലമുറയുടെ ഉള്ളിൽ പകർന്നുകൊടുക്കണമെങ്കിൽ ഒരു മാതാവ് അസാധാരണമായ അനുഭവങ്ങളിലൂടെ പോകേണ്ടിവന്നേക്കാം. ചെറിയ പ്രായത്തിൽ ആൺകുട്ടികൾ പിതാവിനോടുകൂടെ നടന്ന് ലോകം കാണുവാൻ ഇഷ്ടപ്പെടും. ആ സമയത്ത് ലഭിക്കുന്ന അറിവുകൾ അവരെ സ്വാധീനിക്കും. തന്റെ ആരാധനയിലെ ദൈവങ്ങളെ ഒരു പക്ഷേ ഈ കുഞ്ഞിനും പരിചയപ്പെടുത്തിയിരിക്കാം. എന്നാൽ ആ ദൈവങ്ങളിലുള്ള വിശ്വാസത്തെ അതിജീവിക്കുവാൻ തക്കവണ്ണമുള്ള ഒരു വിശ്വാസം തന്റെ അമ്മയിൽ നിന്നും തനിക്ക് ലഭിച്ചു. അത് വ്യാജമില്ലാത്തതാണെന്ന് തിമൊഥെയോസ് തിരിച്ചറിഞ്ഞു. പ്രമാണം വിട്ട ഒരു വിവാഹം നടന്നുവെങ്കിലും ദൈവികപ്രമാണം ഹൃദയത്തിൽ നിന്നും വിട്ടുകളയാതെ തലമുറയെ സ്വാധീനിക്കത്തക്ക നിലയിൽ കൈകാര്യം ചെയ്യാൻ ആ മാതാവിനുകഴിഞ്ഞു. ദൈവികസത്യങ്ങൾ തിരിച്ചറിഞ്ഞ് ഒരു കാലഘട്ടത്തിൽ സത്യദൈവത്തെ ആരാധിച്ച നിങ്ങൾ ഒരു പക്ഷേ വിവാഹജീവിതത്തിൽ അബദ്ധം സംഭവിച്ച ആളായിരിക്കാം. നിങ്ങളുടെ ഹൃദയത്തിന്റെ മാംസപ്പലകയിൽ എഴുതിച്ചേർത്ത ക്രിസ്തുവിന്റെ പ്രമാണം അത് തിരിച്ചെടുത്ത് തലമുറയിലേക്ക് കൈമാറാമോ? എങ്കിൽ നിങ്ങളുടെ തലമുറ കുടുംബപാരമ്പര്യങ്ങളുടെ സ്വാധീനവലയത്തിൽ നിന്നും വിടുവിക്കപ്പെട്ട് സത്യദൈവത്തിങ്കലേക്ക് തിരിച്ചുവരും. പിന്മാറിപ്പോകാതെ തെറ്റ് ഏറ്റുപറഞ്ഞ് സർവ്വശക്തന്റെ സന്നിധിയിലേക്ക് മടങ്ങിവന്നാൽ അവൻ നിങ്ങളെ മാത്രമല്ല നിങ്ങളുടെ തലമുറയെയും അനുഗ്രഹിച്ച് പ്രസിദ്ധരാക്കും.

നിർവ്യാജവിശ്വാസത്തിനുവേണ്ടി നിൽക്കുവാൻ വിലമുടക്കേണ്ടിവന്നേക്കാം. സാരമില്ല അറിഞ്ഞ സത്യം നിത്യതയോളം നിലനിൽക്കുന്നതാണ് എന്ന് ഉറപ്പ് ഉണ്ടെങ്കിൽ പ്രതിബന്ധം എത്ര ശക്തമായാലും പിടിച്ചുനിൽക്കുക നാം അനുഭവിച്ച വേദനകൾ നമ്മുടെ തലമുറയ്ക്ക് അനുഗ്രഹമായിത്തീരും. തിമൊഥെയോസിനെ അനുഗ്രഹിക്കപ്പെട്ട ഒരു മിഷനറി വീരനും രക്ത സാക്ഷിയുമാക്കി മാറ്റത്തക്കനിലയിൽ ഒരമ്മയുടെ സ്വാധീനം വലുതായിരുന്നെങ്കിൽ, നമ്മുടെ തലമുറയുടെ ഇന്നത്തെ അവസ്ഥ എന്ത്? തിരിച്ചറിയുക. ലോകത്തിലെ വിലകുറഞ്ഞവയിലേക്ക് ശ്രദ്ധതിരിച്ച് ലോകത്തിന്റെ അഴുക്കു ചാലുകളിലൂടെ യാത്ര ചെയ്യുവാൻ നമ്മുടെ തലമുറയ്ക്ക് ഇടയാകാതിരിക്കട്ടെ.

# Corn of wheat dies and much seeds results!



James Koshy George

In Christian life authenticity is important than authority. Always God is delighted in authentic people who carrying His authority. Witnessing Christ through life is more important than witnessing Him by lips. God is looking authenticity in His followers. That means people who not only preach Christianity but live it too. Many claim that they have the authority to preach Christ or to witness Christ, but they are missing the life – style of Jesus. Our Lord desires from us to be faithful in keeping, obeying and acting on His word. Once I read a meaningful statement that "Every disciple is a Christian but not every Christian is a disciple. You can be in the church, but not in Christ." Membership in the church doesn't make you a Christian, but manifesting Christ with your life makes you a Christian. In Apostle Paul's language Christian means one who is having the mind set of Christ Jesus. (Let this mind be in you which was also in Christ Jesus. Phil 2/5) Paul here uses the example of Christ to apply in each of our life, a life –style of selflessness. As Christ willingly laid aside His heavenly glory to come to earth and die, so we should also ready to give up all the pleasures of the world. Paul says, to gain Christ I count all the pleasures of the world as rubbish. Jesus said: "if you were of the world, the world would love its own .Yet because you are not of the world, but I choose you out of the world, therefore the world hates you." The secular society who is living without God is hostile toward Christ and His followers, simply because Christian standards are in opposition to the world's system. Why today Christians are compromising with the system of the world? Is that the fundamental way to save souls for God's Kingdom? Can we build the church by compromising with the political leaders? This article says about the ways to bring forth more fruits or to save souls for God's Kingdom. One must die in Christ to produce souls. Let's think what must die in our life and ministry to bear more fruit.

Crucifying the flesh with its passions and desires.

The Greek word for flesh (sarx) refers to the sinful state of human beings, often presented as a power in opposition to the spirit. Apostle Paul says in Colossians 3:5 "Put to death therefore, whatever belongs to your earthly nature; sexual immorality, impurity, lust, evil desires and greed which is idolatry, you must rid yourselves of all such things as these: anger, rage, malice, slander and filthy language from your lips. The qualities God wants Christian to have include longsuffering, kindness, not envious, not boastful, not puffed up, not rude, not provoked to anger. Because we know Human behaviour is very important to keep the relationships, the relationship with Man to God and Man to Man. Normally human behaviour is influenced by culture, attitudes, emotions, values, ethics, authority and genetics etc. That human behaviour practised by the genetics, social norms, attitude and emotions cannot be useful for the expansion of Spiritual Kingdom. One must be born of the Spirit. The person who is led by the spirit can produce the fruit that bring tastes to others. Such people will not be led by the culture, attitudes, emotions etc… but totally by the spirit. The behaviour that is not carrying out from the spirit brings division, contentions, and enmities in our Christian community. Where the works of the flesh is crucified totally in a person there the works of the Holy Spirit starts, that is the fruit of the Spirit. Only the Holy Spirit can produce them and not our own efforts. According to culture, attitudes, emotions, behaviour can be changed. Anointing of the Holy Spirit is also having a culture. When that culture fully controls in the life of a believer, he produces all fruit of Spirit! Paul describes (in Gala 5/24) repentance metaphorically as



a crucifixion of the old life of sin, turning from it totally and lastly.

### Denial of self-centredness and self -ambitions in life

Christians have always been, and will always be, lured by the three temptations, the lust of the flesh, lust of the eyes, and the pride of life. Everything that is in the world offers us for fleshly gratification, to crave for physical pleasure and to have pride in our achievements and possessions. Moreover, Devil is striving his best to lead humanity astray from God. And he uses these three things mostly for that. Selfishness is such a poison that kills others, destroy others virtues. In fact it is a contaminated character which can suffocates others growth. But being selflessness is the mind of Christ. Cain was self-centred and killed his own brother. When selfishness kills others selflessness give life to others. When Cain killed his own brother, Jesus gave life to many. When selfishness takes from others, selflessness gives for others. All Christians must be aware that Devil's most evil temptation is the pride of life, the very sin that resulted in Satan's expulsion from Heaven. The angel Lucifer desired to be God, not to be a servant of God. So he was casted out from the presence of God. In the temptation of eve, the devil said "You will be like God". Probably the imagination of eve to become like God was stirred and fell in devils trap. Human desire to become like God is from Satan. Anything that comes before God becomes God to us. Therefore, if we leave God out of our lives or put Him in second place, living selfishly, we have become our own God, we have submitted to the temptations of eve. To elevate above all others is an arrogant nature. Self-centredness is the root cause of strife in families, churches and nations. Here our Lord Jesus' statement is apt that those who would follow Him must take up their cross (an instrument of death) and deny themselves. The pride of life is the arrogance that separates us from others and limits our effectiveness in the Kingdom. We must kill all selfish goals and ambitions which dominate our life without Christ. A person who willing to follow Christ must deny the arrogant authority of his own selfishness, he must extinguish his self – centeredness.

Desire for possessions, popularity, &pleasure must die.

All human has built –in desires for pleasure; possession and popularity. All those desires are legitimate objects of desire that God has instilled in us. But devil tempts us with the lust of the eyes, the greedy desire for more, better and newer possessions, it ensnares us and takes us away from God's plan. We all have legitimate physical and emotional needs, the way that we focusing on fulfilling them are important, instead of using our life and body as tools to serve God, if we love the system of world we are fulfilling the lust of the flesh. Craving for possession, popularity and pleasure is called as "pride of life". Everyone crave for acceptance by others, that is natural and it feels good to the ego to consider ourselves popular. Being popular is good but craving for that and seeking crooked ways for that can lead to destruction. King Herod was popular among Jews, and he began persecuting the church to increase popularity. But on a certain day Herod sat upon his throne and addressed their representatives. The people responded to his speech by declaring him to be a god – not a man. Instead of correcting their blasphemy, Herod basked in their adoration; immediately the angel of the Lord struck him with an infection of worms because he did not give glory to God. It was a horrific public death of that public figure. Loving the praise of men is worldly; doing so means Jesus is not Lord of our lives. In this century this is a serious issue that even Christian leaders can fall easily to this seductive desire. Today teachers and preachers who hold popularity are trying to become more popular, such greedy desire can lead them to become men pleasers, and it can lose their personal connection with God, and to please men even they are excited to create new doctrines, heresies to get praise from them. Somewhere I heard one quote like this "It is better to be faithful than famous."By seeing your prosperity and popularity some people may say that you are blessed one. That time it is better to pause yourself and meditate sometime about who is really blessed one according to Jesus? Jesus said "blessed are you when people insult you, persecute you, and falsely say all kinds of evil against you because of me." (Matt 5/11 -12) So the desire for popularity and pleasure must die to bear more fruits for His Kingdom.

4. When Corn of wheat dies, it produces many seeds.

Jesus said "I tell you the truth, unless a grain of wheat falls to the ground and dies, it remains only a single seed, but if it dies, it produces many seeds. We know seeds have been an important development in the reproduction; the seed's sole purpose is to reproduce its own kind. Here we were thinking about how to bear more fruits for God's Kingdom. It cannot take place through our own efforts, possessions or by any public support. Only one who willing to die voluntarily from the craving desires of worldly pleasures can make it possible. If a corn of wheat that preserves its own life can produce no seed. I just like to point here the familiar quote of Tertullian, "The Blood of the martyrs is the seed of the church."Our goal is to put to death our lives focused on worldly pleasures and to put focus on Christ Our saviour who died for us. If the corn of wheat remains in store room, it is useless there. In order to be a blessing, to reproduce itself, the corn of wheat must be put into the ground and die, and then out of death much fruits results. Have you ever thought in your life; if our Lord Jesus was only teaching and performing miracles in His earthly ministry, and just shining before the public as a miracle worker, healer or as a crowd puller, He would have remain alone. Jesus Christ did not come to save us through His miracles or teachings. We are saved today because Jesus was ready to give up His life, we are saved today because Jesus was ready to deny Himself and went to the cross and died for our sins. Jesus saw Himself as a seed or a corn of wheat that had to fall into the ground and die in order to produce harvest. Many to be saved still, it is our responsibility to present Jesus before them through our words and deeds.


വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്,
ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ
സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ്
വിസകൾക്കും സമീപിക്കുക

GLOBAL CARE TRAVEL SERVICES ESTD 1998



2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com
